Page 1 of 2

തൊഴിലില്ലായ്മ വേതന കുടിശ്ശിക

236 (883) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലില്ലായ്മ വേതന കുടിശ്ശിക നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; എത്ര മാസത്തെ കുടിശ്ശിക കൊടുക്കാനുണ്ട് ;

(ബി) കുടിശ്ശിക പൂർണ്ണമായും തീർത്ത് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഈ സർക്കാർ തൊഴിലില്ലായ്മ വേതനം നൽകുന്നതിനായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിലവിൽ ആറ് മാസത്തെ തൊഴിൽരഹിത വേതന കുടിശ്ശിക മാത്രമേ ഇനി നൽകാനുള്ളൂ. പുതുതായി തൊഴിൽരഹിത വേതനത്തിന് അപേക്ഷിച്ചവരുടെ എണ്ണം ഉൾപ്പെടെ നടപ്പു സാമ്പത്തിക വർഷ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കുടിശ്ശികയായ ആറ് മാസത്തെ വേതനം വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ആറ് മാസത്തെ കുടിശ്ശിക തീർത്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഈ സർക്കാർ തൊഴിൽരഹിത വേതനം നൽകുന്നതിനായി 67,32,40,421 രൂപ ചെലവഴിച്ചിട്ടുണ്ട്.

തോട്ടം തൊഴിലാളികൾക്ക് ഹൗസിംഗ് പദ്ധതി

237 (884) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തോട്ടം തൊഴിലാളികൾക്ക് വേണ്ടി ഹൗസിംഗ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ പദ്ധതിയിൽ എന്തെല്ലാമാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പദ്ധതിക്കായി എവിടെയെങ്കിലും സ്ഥലം കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാം ;

(സി) പദ്ധതിക്കായി എത്ര തുക നീക്കിവച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. തോട്ടം തൊഴിലാളികൾക്ക് മെച്ചപ്പെട്ട താമസസൗകര്യം നൽകാനാണ് പദ്ധതികൊണ്ട് ലക്ഷ്യമാക്കിയിട്ടുള്ളത്.

(ബി) സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പദ്ധതിക്കായി 2012-13 സാമ്പത്തിക വർഷം 5 കോടി രൂപയും ഈ സാമ്പത്തിക വർഷം 20 കോടി രൂപയും ഉൾപ്പെടെ ആകെ 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

തോട്ടം തൊഴിലാളികളുടെ വീട് നിർമ്മാണത്തിന് കമ്പനി

238 (885) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. എ. വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തോട്ടം തൊഴിലാളികളുടെ വീട് നിർമ്മാണത്തിന് പുതിയ കമ്പനി രൂപവൽക്കരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) കമ്പനിയുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും പ്രവർത്തന രീതിയും സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ ;

(സി) കമ്പനിയുടെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനും മെമ്മോറാണ്ടം ഓഫ് അസോസിയേഷനും തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. തോട്ടം തൊഴിലാളികളുടെ വീട് നിർമ്മാണത്തിനായി 1956-ലെ കമ്പനീസ് ആക്ടിലെ സെക്ഷൻ 25 പ്രകാരം 'ഭവനം' എന്ന പേരിലോ അതോ കമ്പനി രജിസ്ട്രാർ അനുവദിക്കുന്ന മറ്റേതെങ്കിലും പേരിലോ കമ്പനി രൂപീകരിക്കുവാൻ ജി.ഒ.(എംഎസ്.) നമ്പർ.35/2013/തൊഴിൽ തീയതി 22-3-2013 ആയി സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) 1956-ലെ കമ്പനീസ് ആക്ടിലെ സെക്ഷൻ 25 പ്രകാരം രൂപീകരിച്ചിട്ടുള്ള കമ്പനി ലാഭേച്ഛ കൂടാതെ പ്രവർത്തിക്കുന്ന രീതിയിലാണ് വിഭാവന ചെയ്തിട്ടുള്ളത്. ആയതിന്റെ ലക്ഷ്യം തോട്ടം തൊഴിലാളികൾക്ക് കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ഭവനം നിർമ്മിച്ചു നൽകുക എന്നതാണ്. കമ്പനിയുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും കമ്പനി രജിസ്ട്രേഷൻ കഴിഞ്ഞതിനുശേഷമേ നിർണ്ണയിക്കുകയുള്ളൂ.

(സി) പരിശോധനയിലാണ്.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly